പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1659**

**12.06.2015-ൽ മറുപടിക്ക്**

**മാലിന്യ നിർമ്മാർജ്ജനത്തിന് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ**

**ചോദ്യം**

1. ശ്രീ. എം.ഉമ്മർ

**ഉത്തരം**

ഡോ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി)

(എ) മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കുന്നത് പരിഗണയിലുണ്ടോ;

(എ) പരിഗണനയിലുണ്ട്

(ബി) എങ്കിൽ ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) ഉണ്ട്, 09.03.2012 ലെ സ.ഉ (സാധാ) നം.718/2012/തസ്വഭവ പ്രകാരം ഡോ.ആർ.വി.ജി.മേനോൻ കമ്മിറ്റി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ അപ്പാർട്ട്മെന്റ്, റസിഡൻഷ്യൽ കോളനി തലത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ സ്ഥാപിക്കാമെന്നും എന്നാൽ ഇതിന്റെ കാര്യക്ഷമത നിശ്ചിത സമയം കഴിഞ്ഞ് ഒരു സ്വതന്ത്ര ഏജൻസിയെകൊണ്ട് പരിശോധിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരത്തും തൃശൂരും സ്ഥാപിച്ച ഓർഗാനിക് വേസ്റ്റ് കൺവെർട്ടിങ്ങ് മെഷീനുകളുടെ പെർഫോമൻസ് ആർ.വി.ജി.മേനോൻ കമ്മിറ്റി ഇവാലുവേറ്റ് ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം റസിഡൻഷ്യൽ കോളനി/ഫ്ളാറ്റ് തലത്തിൽ

ഈ സംവിധാനം ആകാമെന്നും അതേ സമയം ഉയർന്ന ശേഷിയിലുള്ള തൃശൂർ മാതൃകയിലുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടിങ്ങ് മെഷീനിലെ വേസ്റ്റ് സംസ്കരണ ഉത്പന്നമായ കമ്പോസ്റ്റിന്റെ ഗുണമേന്മ പരിശോധിക്കപ്പെടണമെന്നും, പ്ലാന്റിലേക്ക് വരുന്ന മാലിന്യത്തിൽ നിന്നുമുള്ള ലീച്ചേറ്റ് മാനേജ് ചെയ്യാൻ സംവിധാനം വേണമെന്നും എല്ലാത്തരം ജൈവമാലിന്യവും ഈ സംവിധാനത്തിൽ ഫീഡ് ചെയ്ത് പഠന വിധേയമാക്കിയ ശേഷം മാത്രമേ ഇതര സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാവൂ എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ